**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 278**

# കർമ്മത്തിൽനിന്ന് മുക്തിയിലേക്ക്

## FROM ACTION TO LIBERATION!

**ജൂൺ 5, 2025 വ്യാഴം**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## പവിത്രതയ്ക്ക് കർമ്മം ആവശ്യമാകുന്നു

ഈ കർമ്മയോഗം നിങ്ങളെ സഹായിക്കും. സായീസാഹിത്യത്തിലൂടെ നിങ്ങൾ കടന്നുപോവുകയാണെങ്കിൽ, ഈ ഉദ്ധരണി, ഈ വരികൾ, ഈ സുന്ദരമായ വാക്യം




സ്വാമി ആവർത്തിക്കുന്നതു കാണാം: "**ചിത്തസ്യ ശുദ്ധയേ കർമ്മ**." ഇതിനർത്ഥം, മനസ്സിന്റെ ശുദ്ധിക്ക് **കർമ്മം** ആവശ്യമാണെന്നാണ്. കാന്റീനിൽ പോയി പാത്രങ്ങളൊക്കെ കഴുകിയാൽ എനിക്ക് പാത്രം കഴുകലിൽ ഡിപ്ലോമയൊന്നും ലഭിക്കില്ല. ഇല്ല. ഇത്തരം പ്രവൃത്തി എനിക്ക് മന:ശുദ്ധിയും വിചാരശുദ്ധിയും ഉണ്ടാകാൻ എന്നെ സഹായിക്കുന്നു. ഞാൻ സ്റ്റോറിലേക്ക് ചെന്ന് സഹായിച്ചേക്കാം, അഥവാ ആസ്പത്രിയിൽ എന്തെങ്കിലും സേവ ചെയ്തേക്കാം, എന്നാൽ ഇത്തരം സേവകളൊക്കെ എന്റെ സ്വന്തം പരിശുദ്ധിക്കായി മാത്രമാണ് ഞാൻ ചെയ്യുന്നത്. അപ്പോൾ, കർമ്മമണ്ഡലം നിദ്രയിൽനിന്ന്, ആലസ്യത്തിൽനിന്ന്, മന്ദതയിൽനിന്ന് പുറത്തുവരുന്നതിനും, താമസികത്തിൽനിന്നും അടുത്ത ഘട്ടമായ രാജസികത്തിലേക്ക് നീങ്ങുന്നതിനും നമ്മെ സഹായിക്കും.

ഭഗവദ്ഗീതയുടെ 6-ാം അദ്ധ്യായം 3-ാം ശ്ലോകത്തിൽ പറയുന്നു, "യോഗം കർമ്മ കാരണമുച്യതേ." എന്താണിതിനർത്ഥം? ഇത് അർത്ഥമാക്കുന്നത്, കർമ്മം, കർമ്മ മണ്ഡലം എന്നതാണ് യോഗത്തിന്റെ മാർഗം അഥവാ ശരിയായ ആദ്ധ്യാത്മിക മാർഗം നേടൽ എന്നാകുന്നു.

അതുകൊണ്ട്, ഭഗവദ്ഗീതയിൽ പറഞ്ഞിരിക്കുന്നതുപോലെ, ഈ താമസിക തലത്തിൽനിന്നും പുറത്തുവന്ന് രാജസിക തലത്തിലേക്ക് പോകുന്നതിന്, കർമ്മമണ്ഡല(field of action)മാണ് പിന്തുടരേണ്ട ശരിയായ ആദ്ധ്യാത്മികപഥം.




ഭഗവാൻ ഒരു സ്റ്റെപ്പു കൂടി മുന്നോട്ടു പോകുന്നു. എന്താണ് അവിടുന്ന് പറയുന്നത്? "ഒരു ലോറി സ്റ്റാർട്ടാക്കുന്നതിനു മുമ്പ്, ഡ്രൈവർ സീറ്റിൽ ഇരിക്കും, തന്റെ ഇരു കൈകളും സ്റ്റിയറിംഗ് വീലിൽ വച്ചിട്ട് വണ്ടിയെ ആദരിച്ച് വണങ്ങും. ഒരു നർത്തകി വേദിയിൽ നൃത്തം തുടങ്ങുന്നതിനു മുമ്പായി, ഭൂമിയിൽ തൊട്ട് വന്ദിക്കും. തബല, മൃദംഗം അല്ലെങ്കിൽ ചെണ്ട വായിക്കുന്ന ഒരു മനുഷ്യൻ ആദ്യമേ ആ ഉപകരണങ്ങളെ വണങ്ങും. എന്തുകൊണ്ട്? "അല്ലയോ ഭഗവാനേ! ഈ അവസരം തന്നതിന്, അവിടുന്ന് തന്ന ഈ കർമ്മ മണ്ഡലത്തിന്, ഞാൻ അവിടുത്തെ വണങ്ങുന്നു. ഈ പ്രക്രിയയിൽ വിജയിക്കുന്നതിന് എന്നെ ദയവായി സഹായിക്കണമേ." അതുകൊണ്ടാണ് സ്വാമി അവിടുത്തെ പ്രഭാഷണങ്ങളിൽ പലവട്ടം ആവർത്തിക്കുന്നത്, "**തസ്മൈ നമഃ കർമ്മണി**."(പ്രശാന്തിനിലയം-ദസറ 27.09.1992 കൗഷിതകി ഉപനിഷത്ത്), അർത്ഥം, "എനിക്കു നൽകപ്പെട്ട കർമ്മ മണ്ഡലത്തിന്, കർമ്മത്തിന്, എന്റെ നമസ്കാരം, വണക്കം, പ്രണാമം!"

അപ്പോൾ, താമസികഗുണത്തിൽനിന്ന് പുറത്തുകടക്കുന്നതിന്, മനസ്സിനെ ശുദ്ധമാക്കുന്നതിന്, കർമ്മയോഗം അഥവാ കർമ്മമണ്ഡലത്തിലെ പങ്കാളിത്തം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇതിനായി, ഈ കർമ്മ മണ്ഡലത്തോട് ഒരു ആദരവുള്ള, നമ്രമായ മനോഭാവം വികസിപ്പിക്കേണ്ടത് ആവശ്യമാണ്. ഉദാഹരണമായി, ഞാനൊരു അധ്യാപകനാണ്. ഭഗവാനാൽ എനിക്കു നൽകപ്പെട്ടിരിക്കുന്ന കർമ്മമാണ് അധ്യാപനം. നിങ്ങളൊരു എഞ്ചിനീയറാണ്. അത് ഈശ്വരനാൽ നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന കർമ്മം അഥവാ പ്രവൃത്തിയാണ്. നിങ്ങളൊരു ഡോക്ടറാണ്. ഈശ്വരൻ നിങ്ങൾക്ക് ചികിത്സാകർമ്മം, ആ ദൗത്യം, ഒരു കർമ്മം അഥവാ പ്രവൃത്തി എന്ന നിലയ്ക്ക്



നൽകിയിരിക്കുകയാണ്. നമ്മുടെ കർമ്മത്തോട് നമുക്ക് ആദരവുള്ള, നമ്രമായ ഒരു മനോഭാവം ഉണ്ടായിരിക്കണം.

എനിക്ക് സ്നേഹഭാവം ഉണ്ടാവുകയും എന്റെ ജോലിയെ നമിക്കുകയും ചെയ്യുമ്പോൾ, എന്റെ ജോലിയോട് എനിക്ക് ബഹുമാനവും ആദരവുള്ള, നമ്രമായ മനോഭാവമുള്ളപ്പോൾ, അതിനെയാണ് **കർമ്മയോഗം** എന്നു വിളിക്കുക. കർമ്മം, തൊഴിൽ, പ്രവൃത്തി, ഒരു യോഗമായി, ആദ്ധ്യാത്മിക ചര്യയായി, ദിവ്യ മാർഗ മായിത്തീരുന്നു.

'യോഗ'മെന്നാൽ ചേർച്ചയെന്നർത്ഥം, വ്യക്തിയും വിശ്വവുമായി അഥവാ ഈശ്വരനുമായി ഒരു ബന്ധം സ്ഥാപിക്കുക എന്നാണർത്ഥം. കർമ്മയോഗം ഒരു സംയോഗ(Communion)വും ഒരു വിനിമയ(Communication)വും സ്ഥാപിക്കുന്നു.




വ്യക്തിയും ഈശ്വരനും, വിശ്വവും, പരമാത്മാവും, വിശ്വാത്മാവും അഥവാ ദിവ്യപ്രജ്ഞാബോധവും(Divine Consciousness) തമ്മിലുള്ള ബന്ധം ഉറപ്പിക്കുന്ന ഒരു വാഹനമാകുന്നു അത്. കേവലം അന്നം ആർജ്ജിക്കുന്നതിനുള്ള, എന്റെ ജീവിതോപാധിയെന്ന നിലയ്ക്കുള്ള യോഗമല്ലത്. മാസം പതിനായിരം രൂപയ്ക്കായി അഥവാ വർഷത്തിൽ രണ്ടു ലക്ഷം രൂപയ്ക്കായി ജോലി ചെയ്യുകയാണ് ഞാനെങ്കിൽ, അത് കേവലം എന്റെ ജീവിതോപാധിയാണ്, അത്രേയുള്ളൂ, അതൊരു ആദ്ധ്യാത്മികചര്യയല്ല. നിങ്ങളത് പ്രേമപൂർവം ചെയ്യുകയാണെങ്കിൽ, അത് **കർമ്മയോഗ**മായിത്തീരുന്നു. ബാബ ഇപ്രകാരം അരുളാനുള്ള കാരണമതാണ്, "പ്രേമപൂർവമുള്ള കടമയാണ് അഭിലഷണീയം. പ്രേമരഹിതമായ കടമ പരിതാപകരമാണ്. കടമരഹിതമായ പ്രേമം ദിവ്യമാകുന്നു." കർമ്മയോഗത്തിന് നമ്മെ താമസികത്തിൽനിന്നും രാജസിക മണ്ഡലത്തിലേക്ക് പോകുന്നതിന് എങ്ങനെ സഹായിക്കാനാവുമെന്ന് നിങ്ങൾക്ക് ഗ്രഹിക്കാനാവും.

ഇനി, അടുത്ത പടി വരുന്നു- രാജസികത്തിൽനിന്നും ഒരു സാത്വിക പ്രകൃതത്തി ലേക്ക് എങ്ങനെ സഞ്ചരിക്കാമെന്നത്. നിദ്രയും മന്ദതയുമാകുന്ന താമസികഗുണത്തിൽനിന്ന് പുറത്തുവരാൻ കർമ്മം അഥവാ പ്രവൃത്തി നമ്മെ സഹായിക്കുന്നു. അപ്പോൾ നാം ഒരു രാജസിക മനുഷ്യന്റെ ഗുണങ്ങൾ ആർജ്ജിക്കുന്നു. ഇതിനർത്ഥം, നാം നിറയെ സക്രിയരും, നിറയെ ആശകളുള്ളവരും, നിറയെ ഊർജ്ജസ്വലരും, നിറയെ അഭിനിവേശം, ഉത്സാഹം, വികാരാവേശം, ഔത്സുക്യം, പ്രയത്നശീലം, ശ്രമം ഇവയുള്ളവരും ആയിത്തീരുന്നു. ഒരു യുവാവ് രാജസികനാവണം. സ്വാമി വിവേകാനന്ദൻ രാജ്യത്തെ യുവാക്കളോട്, അവർ ഈ രാജയോഗം ഉള്ളവരാകണം എന്നാണ് ആഹ്വാനം ചെയ്യുന്നത്. ചെറുപ്പക്കാർക്ക് ഈ രാജസിക മനസ്സ്, ക്രിയാശീലതയുടെയും ചലനാത്മകതയുടെയും നേതൃത്വത്തിന്റെയും മനസ്സ്, ആവശ്യമാണ്. ഇത് **രാജയോഗ**മായിത്തീരുന്നു.




ഇത് കേവലം ലാഭാധിഷ്ഠിതമായ ഒരു ആവേശം അഥവാ അന്യരുടെ താത്പര്യങ്ങളെ ഹനിക്കാനുള്ളതോ വ്രണപ്പെടുത്താനുള്ളതോ ആയ ഊർജ്ജം ആകുമ്പോൾ, ഇതിനെ സ്വാർത്ഥത എന്നാണ് മുദ്രയടിക്കപ്പെടുക. ഒരുവന്റെ ജീവിതത്തിലെ സ്വന്തം അഭ്യുദയത്തിനായി മാത്രമുള്ള നേതൃത്വമാണിതെങ്കിൽ, ഇത് സ്വാർത്ഥതയാണ്. പോസിറ്റീവ് ലൈനിലുള്ള രാജസിക മനസ്സിനെ രാജയോഗം എന്നാണ് വിളിക്കുക, അത് പ്രയോജനകരമാണ്. രാജസിക മനസ്സ്, നെഗറ്റീവ് കേസിൽ ബന്ധനമാണ്, അത് ഞാൻ സ്വയം നിസ്സഹായമായി സ്വാർത്ഥതയിൽ മുങ്ങുന്നതുവരെ അതേപടി നിലനിൽക്കുന്നു.

## ഭക്തിയുടെ മാർഗം



ഈ രാജസിക മനസ്സിൽനിന്ന് എങ്ങനെ പുറത്തു കടക്കാം? ഭക്തിയുടെ മാർഗം, ഈ രാജസിക മനസ്സിൽനിന്ന് പുറത്തു കടക്കാൻ നമ്മെ സഹായിക്കും. ആരോ ചോദിച്ചു, “നിങ്ങൾ എങ്ങനെയാണ് ഒരു കർമ്മം ചെയ്യേണ്ടത്?” ഞാനിപ്പോൾ വളരെ സന്തോഷത്തോടെ പഠിപ്പിക്കുന്ന ഒരു ലക്ചറർ ആണ്. ആരെങ്കിലും പറയുകയാണെന്നിരിക്കട്ടെ, “അനിൽകുമാർ, നാളെ മുതൽക്ക് നിങ്ങളെ

പഠിപ്പിക്കുന്നതിനായി ആവശ്യമില്ല.'' ഞാൻ ഇതുപോലെത്തന്നെ സന്തോഷവാനാവണം. സദാ സംസാരിക്കുന്നതിലൂടെ മാത്രമേ എനിക്ക് സന്തോഷമുണ്ടാവൂ എന്നു വരികിൽ, അത് ബന്ധനമാണ്. എന്നിരുന്നാലും, ഒരു അധ്യാപകനെന്ന നിലയ്ക്ക്, ഞാൻ എന്റെ തൊഴിലിനോട് മമതയുള്ളവനാണ്. അതിനാൽ, ''ഞങ്ങൾക്ക് താങ്കളെ മേലിൽ ആവശ്യമില്ല'' എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ എനിക്ക് വേദന തോന്നും. പക്ഷേ ഞാൻ എന്റെ പ്രവൃത്തികളോട് ബദ്ധനായിക്കൂടാ.

നിങ്ങളുടെ കടമകൾ ചെയ്യുക, പക്ഷേ അവയെ ഉപേക്ഷിക്കാൻ അഥവാ വേണ്ടെന്നു വയ്ക്കാൻ തയ്യാറായിരിക്കുക. അതിനെയാണ് **രാജയോഗം** എന്നു വിളിക്കുക. ബദ്ധരാവരുത്. വിരക്തരായിരിക്കുന്നതിനോട് രക്തിയുണ്ടാവുക. ആശാരഹിതരാവാൻ ആശിക്കുക!( Be attached to being detached. Desire to be desireless!). ചെയ്യുക! എന്നാൽ ഏതു നേരത്തും അത് വേണ്ടെന്നു വയ്ക്കാൻ അഥവാ കളയാൻ തയ്യാറായിരിക്കുക. അതിനെയാണ് രാജയോഗം എന്നു വിളിക്കുന്നത്. ഭക്തിയുടെ മാർഗത്തിലൂടെ മാത്രമാണ് ഇതു സാദ്ധ്യമാവുക.




ഇതു സംബന്ധമായി, ഭഗവദ്ഗീത വളരെ വ്യക്തമായി ഏതാനും വസ്തുതകൾ പരാമർശിക്കുന്നുണ്ട്. ''ഭക്തിരേവ ഗരീയസി.'' ഇത് അർത്ഥമാക്കുന്നത് ഭക്തി മാത്രമാണ് ഒരേയൊരു മാർഗം എന്നാണ്. മനുഷ്യമനസ്സിന്റെ നിർമ്മിതി അഥവാ വസനത്തിന്റേത് ഇടതൂർന്ന രാജസിക നൂലിഴകളാണ്. അതുകൊണ്ട്, ഈ രാജസിക മനോഭാവത്തിൽനിന്ന്, വൈകാരിക ചായ്‌വിൽ നിന്ന് അഥവാ മനസ്സിന്റെ ചട്ടക്കൂട്ടിൽനിന്ന് പുറത്തു കടക്കുന്നതിന്, ഭക്തി മാത്രമാണ് മാർഗം.



## ഭക്തിമാർഗത്തിലൂടെ മാത്രം ജ്ഞാനം

നാം കരുതുന്നത്, നമുക്ക് ജ്ഞാനം അഥവാ പരമമായ അറിവ് ഉണ്ടാവുക പുസ്തകവായനയിലൂടെ അഥവാ അതിന്റെ കേൾവിയിലൂടെ മാത്രമാണെന്നാണ്. ഇത് തികച്ചും തെറ്റാണ്! അറിവ് എന്നാൽ പാണ്ഡിത്യം എന്നാണ് നാം ധരിച്ചുവച്ചിരിക്കുന്നത്. അതും പൂർണ്ണമായും തെറ്റാണ്. കർമത്തിൽനിന്നും അനുഭവത്തിൽനിന്നും ജനിക്കുന്നതെന്തോ അതാണ് യഥാർത്ഥ ജ്ഞാനം. അത്

കേവലം ഒരു ബുക്ക്ഷെൽഫിൽ അടുക്കിവച്ചിട്ടുള്ള പുസ്തകത്തിന്റെ വായനയിൽനിന്നുള്ളതല്ല. നിങ്ങളൊരു വേള ഒരു വിദഗ്ദ്ധനാവാം, ലൈബ്രറിയിൽ ലഭ്യമായ സകല ഗ്രന്ഥങ്ങളും വായിച്ചയാളാവാം. മസ്തിഷ്കം നിറയെ പുസ്തകഭാരവുമേന്തി നടക്കുന്ന ആളാവാം നിങ്ങൾ. എന്നിരുന്നാലും, അതൊരു കഴുതയുടെ ജീവിതമാണ്! ഭഗവാൻതന്നെ പറഞ്ഞിരിക്കുന്നു, "അനുഭവമില്ലെന്നു വരികിൽ, പണ്ഡിതനായ മനുഷ്യൻ ഒരു കഴുതയെപ്പോലെയാണ്."

അതെങ്ങനെയാണ്? ഒരു കഴുത അതിന്റെ മുതുകത്ത് ചന്ദനത്തിന്റെ കൂമ്പാരം ചുമക്കും, പക്ഷേ ചന്ദനത്തിന്റെ സൗരഭ്യം അതിന് തിരിച്ചറിയില്ല. ഇതേപോലെ, ഒരു വ്യക്തി പരമ ജ്ഞാനത്തെക്കുറിച്ച് കഴുതയെപ്പോലെ തന്റെ മുതുകത്തടുക്കിയിരിക്കുന്ന പുസ്തകങ്ങളിൽനിന്ന് വായിച്ചിട്ടുണ്ടാവാം. എന്നിരുന്നാലും, അതിനെക്കുറിച്ച് വായിക്കുന്നതു വഴി ആ പുസ്തകങ്ങളിൽ അടങ്ങിയിരിക്കുന്ന സത്ത, അതിന്റെ സൗരഭ്യം ആകുന്ന യഥാർത്ഥ അനുഭവമൊന്നും അയാൾക്ക് ലഭിക്കുന്നില്ല.



ആയതിനാൽ, ഭഗവദ്ഗീത പറയുന്നു, "ഭക്ത്യാത് ജ്ഞാനം പ്രിയാത്." എന്താണിത് അർത്ഥമാക്കുന്നത്? ഭക്തിയുടെ മാർഗം പിന്തുടരുന്നതു വഴി മാത്രമേ നിങ്ങൾക്ക് ജ്ഞാനം അഥവാ അറിവ് ലഭ്യമാകൂ. എന്തുകൊണ്ടാണിത്? ഭക്തി നിങ്ങൾക്ക് അനുഭവം തരുന്നു. ഭക്തി കൂടാതെ, അറിവ് ഒരു കമ്പ്യൂട്ടറിനു തുല്യമാണ്. അത് കേവലം ഒരു സി.ഡി. അഥവാ ഫ്ളോപ്പി അഥവാ ഓഡിയോ കാസറ്റിൽ റിക്കാർഡ് ചെയ്യപ്പെട്ടിരിക്കുകയും ഓർമ്മിക്കുകയും ചെയ്യുകയാണ്. യഥാർത്ഥ അനുഭവം ലഭിക്കാനായി, എനിക്ക് ഭക്തിയുണ്ടാവണം. സാത്വിക മനസ്സിലേക്ക് എത്തുന്നതിന് ഇതു നിങ്ങളെ സഹായിക്കും.

ഇനി നാം മൂന്നാമത്തെ തലത്തിലേക്കു വരികയാണ്. ഒരു സാത്വിക മനോനിലയെന്നത് ഭക്തിയുള്ള, സമഭാവമുള്ള, പ്രശാന്തമായ, അസ്വസ്ഥതയില്ലാത്ത ഒന്നാണ്. എന്നിരുന്നാലും, സാത്വികമെന്നത് അവസാനത്തെ സംഗതിയല്ല. ഇവ മൂന്നും ചങ്ങല പോലെയാണ്. താമസിക മനസ്സെന്നത് ഒരു ഇരുമ്പു ചങ്ങലയാണ്. രാജസിക മനസ്സെന്നത് ഒരു



വെള്ളിച്ചങ്ങലയും സാത്വികമനസ്സെന്നത് ഒരു സ്വർണ്ണച്ചങ്ങലയുമാണ്. ഒരു ചങ്ങല എപ്പോളും ചങ്ങലതന്നെ. ലോഹത്തിൽ മാത്രമാണ് വ്യത്യാസം. ഒരു സ്വർണ്ണച്ചങ്ങല യാണെന്നാലും, ഞാൻ ബന്ധിതനാണ്, അതിനാൽ സ്വതന്ത്രനല്ല. ഈ ബന്ധനം കാരണം, എനിക്ക് സന്തോഷമില്ല. ഞാൻ മുക്തനാവുമ്പോൾ, എന്റെ അസന്തുഷ്ടി അപ്രത്യക്ഷമാകും.




ജ്ഞാനം അഥവാ വിവേകത്തിന്റെ മാർഗം(the path of wisdom) മാത്രമാണ് സാത്വികമനസ്സിൽ നിന്ന് പുറത്തുവരാൻ നമ്മെ സഹായിക്കുന്ന ഒരേയൊരു മാർഗം. നിങ്ങൾ ചോദിച്ചേ ക്കാം, "ആഹാ! ഇതി നപ്പുറം, ഞാൻ എങ്ങോട്ടു പോകാൻ?" ഗുണരഹിതമായ, ത്രിഗുണങ്ങൾക്കും അപ്പുറ ത്തുള്ള ഒരു അവസ്ഥയിലേക്ക് നിങ്ങൾ പോകും. '**ഗുണാതീത**' എന്നതിനർത്ഥം, മൂന്നു ഗുണങ്ങളെയും അതിക്രമിക്കുന്നവൻ എന്നാണ്. യഥാർത്ഥ ജ്ഞാനം, പരമ മായ അറിവ് നേടുന്നതിലൂടെ മാത്രമാണ് അത് സാധ്യമാകുന്നത്!

പ്രഫ. അനിൽകുമാർ കൂടുതൽ ആദ്ധ്യാത്മിക രത്നങ്ങൾ വെളിപ്പെടുത്തുന്നത് അടുത്ത ലക്കത്തിൽ തുടരുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിറാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു** – (***Sai-Vedam*** പേജ് 226-234)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)